# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5482** 01.07.2019 ൽ മറുപടിയ്ക്ക്

## വീട്ടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന്റെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്താവിന്റെ വീട്ടുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ നടപടിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എങ്ങനെ എന്ന് വിശദമാക്കാമോ; | (എ) | ഉപഭോക്താക്കളുടെ വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതിയിൽ 2,78,258 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക സാദ്ധ്യത പരിശോധിക്കുന്ന സർവ്വേ 97 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്.<br><br>പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിവിധ മാതൃകകൾ ചുവടെ ചേർക്കുന്നു.<br><br>(1) ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.<br><br>(2) ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ - ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേക്ക് (കരാർ കാലാവധി) നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.<br><br>(3) കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി.എൽ സൗരനിലയം സ്ഥാപിക്കുന്നു.<br><br>(i) ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബി.എൽ വാങ്ങുന്നു.<br>അല്ലെങ്കിൽ<br><br>(ii). ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകൻ ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ? | (ബി) | ആകെ 2,78,258 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>31.01.2019 ൽ സൗര രജിസ്ട്രേഷൻ സമാപിക്കുകയും 2,78,258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ഇതിൽ 2,77,799 ഉപഭോക്താക്കൾ എൽ.റ്റി വിഭാഗത്തിലും 452 ഉപഭോക്താക്കൾ എച്ച്.റ്റി വിഭാഗത്തിലും 7 ഉപഭോക്താക്കൾ ഇ.എച്ച്.റ്റി വിഭാഗത്തിലും പെടുന്നവരാണ്. ഇതിൽ 2,53,948 ഉപഭോക്താക്കൾ വൈദ്യുതി ബോർഡ് പണം മുടക്കുന്ന സാമ്പത്തിക മാതൃകയും ബാക്കിയുള്ള 24310 ഉപഭോക്താക്കൾ സ്വന്തമായി പണം മുടക്കുന്ന സാമ്പത്തിക മാതൃകയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**